LIBRARY ARCHIVES Kerala Legislative Assembly

വയനാട് നിയമന തട്ടിപ്പ് കേസ്

16 (16) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് നിയമന തട്ടിപ്പിൽ പ്രതിയായ അഭിലാഷ് പിള്ളയെ തിരിച്ച് ജോലിയിൽ പ്രവേശിപ്പിക്കാൻ തീരുമാനം എടുത്തിട്ടുണ്ടോ ;

(ബി) ഇത്തരത്തിൽ തിരികെ ജോലിയിൽ പ്രവേശിപ്പിക്കാനുള്ള കാരണങ്ങൾ വെളിപ്പെടുത്തുമോ ;

(സി) കേസിലെ നടപടി പൂർത്തീകരിക്കാൻ കഴിഞ്ഞില്ലായെങ്കിൽ കേസ് നടപടി പൂർത്തീകരിക്കുന്നതിൽ അലംഭാവം കാണിച്ചവർക്കെതിരെ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) 30-9-2014-ൽ ചേർന്ന സസ്പെൻഷൻ റിവ്യൂ കമ്മിറ്റി ശുപാർശപ്രകാരം ശ്രീ. അഭിലാഷ് പിള്ളയെ തിരികെ സർവ്വീസിൽ പ്രവേശിപ്പിയ്ക്കാൻ തീരുമാനിച്ചിട്ടുണ്ടായിരുന്നു. എന്നാൽ പ്രസ്തുത തീരുമാനം ഇപ്പോൾ മരവിപ്പിച്ചിട്ടുണ്ട്. നിലവിലുള്ള വ്യവസ്ഥകൾപ്രകാരം ഉദ്യോഗസ്ഥരുടെ സസ്പെൻഷൻ നിശ്ചിത കാലയളവുകളിൽ പുനഃപരിശോധിക്കേണ്ടതും അവരെ സർവ്വീസിൽ യഥാക്രമം പുനഃപ്രവേശിപ്പിയ്ക്കേണ്ടതുമാണ്. ഒരു ഉദ്യോഗസ്ഥനെയും അനിശ്ചിതമായി സസ്പെൻഷനിൽ നിർത്തുവാൻ വ്യവസ്ഥയില്ല. ശ്രീ. അഭിലാഷ് പിള്ള 3-12-2010 മുതൽ സസ്പെൻഷനിലായിരുന്നു.

(സി) വിജിലൻസ് കേസുകളുടെ ബാഹുല്യംമൂലമാണ് പലപ്പോഴും നടപടി പൂർത്തീകരിക്കുവാൻ താമസമുണ്ടാകുന്നത്. ഇതുകൊണ്ടുമാത്രം ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്നത് പ്രായോഗികമാണെന്നു കരുതുന്നില്ല

തീരദേശ നിയന്ത്രണ വിജ്ഞാപനം

17 (17) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ നിയന്ത്രണ വിജ്ഞാപനം നടപ്പിലാക്കുന്നതുമൂലം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനും, ഇളവുകൾ നൽകുന്നതിനും കേന്ദ്രവനം പരിസ്ഥിതി മന്ത്രാലയത്തിൽ നിന്നും എന്തെങ്കിലും ഉത്തരവുകൾ ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ;